**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775** **22-01-2021 - ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷമായി എന്നറിയിക്കാമോ; | (എ) | ഉണ്ട്. വാട്ടർ അതോറിറ്റിയുടെ രൂപീകരണ കാലം മുതൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി 10.2.2016-ന് നടന്ന കേരള വാട്ടർ അതോറിറ്റിയുടെ 385-ാമത് യോഗത്തിലെ 10329-ാം നമ്പർ തീരുമാനത്തിന്റെ കരട് റൂളിൻമേലുള്ള നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയതിന്മേൽ ഏതെല്ലാം വിഭാഗങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു. ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19/7/2010 ലെ 11884/R1/07/P&ARDനമ്പർ പരിപത്രത്തിന്റെയും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 8/9/2010 ലെ 11870/BPE1/10/PLG നമ്പർ പരിപത്രത്തിന്റെയും അടിസ്ഥാനത്തിൽ കരട് ചട്ടത്തിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റ് വിവിധ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. കൂടാതെ ജല വിഭവ വകുപ്പ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായും വിവിധ സർവ്വീസ് സംഘടനകളുമായും 22/6/2019 ന് ഒരു ചർച്ച നടത്തിയിരുന്നു. തുടർന്ന് വിവിധ സർവ്വീസ് സംഘടനകളുടെയും, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചതിന് ശേഷം തയ്യാറാക്കിയ കരട് ചട്ടത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം 5/2/2020 ൽ തേടുകയുണ്ടായി. എന്നാൽ 19/10/2020 ലെ കത്ത് പ്രകാരം പബ്ലിക് സർവ്വീസ് |

| | | | |
|---|---|---|---|
| | | | കമ്മീഷൻ ഇതിന്മേൽ ചില സ്പഷ്ടീകരണങ്ങൾ ആരായുകയുണ്ടായി. അതിന്മേൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വിശദാംശങ്ങൾ 22/12/2020 ന് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ആയത് വിശദമായി പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത റൂൾ പുറപ്പെടുവിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (സി) | ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സമയം വേണമെന്നതൊഴിച്ചാൽ മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിച്ച് എത്രയും വേഗം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ സാധിക്കുമോ എന്നറിയിക്കാമോ? | (ഡി) | ടെക്നിക്കൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സമയം വേണമെന്നതൊഴിച്ചാൽ മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല. സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിച്ച് എത്രയും വേഗം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ